
മോയൻസ് എൽപി സ്കൂൾ പരിസരം വൃത്തിയാക്കുന്നു.
ചിത്രം: മനോരമ

# കുട്ടികൾക്ക് സുരക്ഷയൊരുക്കി നാട്ടുകാരും അധ്യാപകരും



**എന്റെ വിദ്യാലയം**

പാലക്കാട് ● സ്കൂളിലെത്തുന്ന വിദ്യാർഥികളുടെ സുരക്ഷ ഉറപ്പാക്കാൻ നാടൊന്നാകെ കൈകോർക്കുന്നു. വയനാട്ടിലെ ബത്തേരിയിൽ സ്കൂളിൽ വച്ചു പാമ്പു കടിയേറ്റു മരണപ്പെട്ട ഷഹ്‌ലയുടെ ദുരനുഭവത്തിന്റെ വെളിച്ചത്തിലാണു സ്കൂൾ പരിസരം വൃത്തിയാക്കാൻ നാട്ടുകാരും അധ്യാപകരും മുന്നിട്ടിറങ്ങുന്നത്.

വിദ്യാലയങ്ങളിലെ സംരക്ഷണ പ്രവർത്തനങ്ങൾ മനോരമയെ അറിയിക്കൂ. തിരഞ്ഞെടുക്കുന്ന മാതൃകകൾ പ്രസിദ്ധീകരിക്കും.

## മോയൻ എൽപി സ്കൂളിൽ ശുചീകരണം

മോയൻ എൽപി സ്കൂളിലും കൂട്ടായ്മയിൽ ശുചീകരണം. കുട്ടികളുടെ സുരക്ഷയ്ക്കായി കാടു പിടിച്ചു കിടക്കുന്ന സ്ഥലങ്ങളിൽ അധ്യാപക രക്ഷാകർതൃ സമിതി, പൂർവ വിദ്യാർഥികൾ, വിശ്വാസ്, ലീഡ് കോളജ് വൊളന്റിയർ ഗ്രൂപ്പ് അംഗങ്ങൾ എന്നിവർ ചേർന്നു ശുചീകരിച്ചു. വിശ്വാസ് വൈസ് പ്രസിഡന്റ് എസ്. ശാന്താദേവി, സെക്രട്ടറി പി. പ്രേംനാഥ്, സുബൈർ പുലവർ, ജി. ജയപ്രകാശ്, പാർവതി എന്നിവർ നേതൃത്വം നൽകി.

വാട്സാപ്പിൽ ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ അറിയിക്കുക.
7012667459